അതോറിറ്റി ചെയർമാൻ നിർദ്ദേശിച്ചു. വൈന്തല തടാകത്തെ ഓക്സ്ബോ തടാകമായി കണക്കാക്കാൻ സാദ്ധ്യമല്ല എന്നാണ് വിദഗ്ധരുടെ അഭിപ്രായം. എന്നാൽ വൈന്തല തടാകം സംരക്ഷിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വൈന്തല തടാക പ്രദേശത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് അതിർത്തി നിർണ്ണയിക്കുകയാണ് ആദ്യനടപടി. റവന്യൂ വകുപ്പിൽനിന്നും അതിർത്തി നിർണ്ണയിച്ച് ലഭിക്കുന്നതനുസരിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് പഠനം

285 (3107) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം സംഭവിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ ഏജൻസികളുടെ എന്തെങ്കിലും പഠനം ഇതേക്കുറിച്ച് നടന്നിട്ടുണ്ടോ ;

(സി) ഉഷ്ണക്കാറ്റ് വീശി പരിസ്ഥിതിക്ക് കോട്ടം സംഭവിച്ചത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിവിധ സർക്കാർ ഏജൻസികൾ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.

(സി) ഇല്ല. ഇന്ത്യാ ഗവൺമെന്റ് സ്ഥാപനമായ ഇന്ത്യ മീറ്റിറോളജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ടിൻ പ്രകാരം ഈ സീസണിലെ സൗത്ത് വെസ്റ്റ് മൺസൂൺ മഴയുടെ ലഭ്യത പരിഗണിച്ച് ഇന്ത്യയിൽ ഒരിടത്തും ഉഷ്ണക്കാറ്റ് വീശാനുള്ള സാദ്ധ്യതയില്ല. ടി ഡിപ്പാർട്ടുമെന്റ് കേരളത്തിലാകമാനം കടലോര പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഒബ്സർവേറ്ററികളിൽനിന്ന് ലഭിച്ച ഡാറ്റാപ്രകാരം 2015 ജൂൺ മാസത്തിൽ അമിത താപം ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly